26/05/2020
8-5-20.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email. sic.ker@nic.in

ഹർജി നമ്പർ AP.No.2277(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.13970/SIC-Gen5/2017

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പി.യു.മാർക്കോസ്,
പണിക്കപറമ്പിൽ ഹൗസ്,
കുപ്പാടി പി.ഒ.,വേങ്ങൂർ,
സുത്താൻ ബത്തേരി, വയനാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സ്പെഷ്യൽ വില്ലേജ് ആഫീസർ, വില്ലേജ് ആഫീസ്, സുൽത്താൻ ബത്തേരി, വയനാട്.

2. അപ്പീൽ അധികാരി & വില്ലേജ് ആഫീസർ, വില്ലേജ് ആഫീസ്, സുൽത്താൻ ബത്തേരി, വയനാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25/08/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/09/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25/09/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28/10/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 31/10/2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.യു.മാർക്കോസ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വ്യക്തതയുമില്ലാത്ത മറുപടിയാണ് നൽകിയത് എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീ.എ.കെ.ബാപ്പുട്ടി എന്നയാൾക്ക് സുൽത്താൻബത്തേരി വില്ലേജിൽ നികുതി ഒടുക്കുന്നതായ സ്ഥലമുണ്ടോ എന്നും

ii. ഉണ്ടെങ്കിൽ എത്ര സെന്റ് എന്നും

iii. 2017 വർഷത്തിൽ നികുതി ഒടുക്കിയ രേഖയുടെ കോപ്പി നൽകണമെന്നും

iv. മേൽ പറഞ്ഞ വില്ലേജ് രേഖകളിൽ ഭൂമിയുണ്ടെങ്കിൽ ആയതിന്റെ അതിരുകൾ നിർണ്ണയിക്കുന്ന രേഖയുടെ കോപ്പി നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷി വിവരങ്ങളായതിനാൽ ബന്ധപ്പെട്ട കക്ഷിയുടെ അനുമതിക്കുവേണ്ടി കത്ത് അയച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ ഏത് തീയതിലെ അപേക്ഷ സംബന്ധിച്ചതാണെന്നു രേഖപ്പെടുത്തിയിട്ടില്ലെന്നുംഎസ്.പി.ഐ.ഒ.യുടെ പേരും രേഖപ്പെടുത്തിയിട്ടില്ലെന്നും മൂന്നാം കക്ഷി വിവരങ്ങൾ രേഖപ്പെടുത്തണമെങ്കിൽ എതിർകക്ഷിയുടെ അനുമതി വേണമെന്നത് ഏത് വകുപ്പുപ്രകാരമാണെന്ന് രേഖപ്പെടുത്തിയിട്ടില്ലെന്നും മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിലെ ഔദ്യോഗിക രേഖകളിൽ അടങ്ങിയിട്ടുള്ള വിവരങ്ങളാണെന്നും ആയതിനാൽ മേൽപ്പടി വിവരങ്ങൾ ലഭ്യമാണെങ്കിൽ അത് വിവരാവകാശ നിയമപ്രകാരം നൽകേണ്ടതാണെന്നും കാണുന്നു. മേൽപ്പടി വിവരത്തിന്റെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട കക്ഷിയുടെ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമാകുമെന്ന് കരുതുവാൻ നിർവ്വാഹമില്ല. കൂടാതെ വിവരാവകാശ നിയമത്തിലെ 11-ാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളത് ബന്ധപ്പെട്ട മൂന്നാം കക്ഷിക്ക് നോട്ടീസ് നൽകി 10 ദിവസത്തിനകം ആയത് സംബന്ധിച്ച് ടിയാന്റെ അഭിപ്രായം വാങ്ങണമെന്നും അത്തരത്തിൽ മേൽപ്പടി സമയപരിധിക്കുള്ളിൽ യാതൊരു മറുപടിയും ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ എസ്.പി.ഐ.ഒ. തീരുമാനം കൈക്കൊള്ളണമെന്നുമാണ്. ആയതിനാൽ ബന്ധപ്പെട്ട കക്ഷിയുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് മറുപടി നൽകുന്നതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി നിയമാനുസൃതമല്ല. മേൽ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായവ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം തന്നെ മറുപടി നൽകുന്ന അവസരത്തിൽ ഹർജിക്കാരന്റെ ഏത് തീയതിയിലെ അപേക്ഷയിന്മേലാണ് മറുപടി നൽകുന്നത് എന്ന് വ്യക്തമാക്കേണ്ടതും എസ്.പി.ഐ.ഒ.യുടെ പേരും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു.

5. രണ്ടാം എതിർകക്ഷി ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 19(6) വകുപ്പിന്റെ ലംഘനമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മേയ് 8-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us